# നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും

1. **ലക്ഷണങ്ങൾ മനസ്സിലാക്കുക**. ഞങ്ങളുടെ സൂചനാ കാർഡുകൾ ഓർഡർ ചെയ്യുക, അവ പ്രധാനപ്പെട്ട ലക്ഷണങ്ങൾ പട്ടികയായി 17 ഭാഷകളിൽ നൽകുന്നതും, പഴ്സിൽ വയ്ക്കാൻ സൗകര്യപ്രദവുമാണ് . നിങ്ങളുടെ പ്രദേശത്തുനിന്നും, ഇരകളുമായി ബന്ധപ്പെടാൻ ഇടയുള്ള ആളുകൾക്ക് നിങ്ങൾക്ക് ഈ കാർഡ് വിതരണം ചെയ്യാവുന്നതാണ്. കൂടുതലറിയാൻ സന്ദർശിക്കുക: *www.dhs.gov/bluecampaign*.

2. **മനുഷ്യക്കടത്ത് വിവരങ്ങൾ റിപ്പോർട്ടുചെയ്യുക**.

   **മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന പ്രവർത്തനം റിപ്പോർട്ടുചെയ്യാനോ അഥവാ ഫെഡറൽ നിയമം നടപ്പാക്കുന്ന വകുപ്പിൽ നിന്ന് സഹായം ലഭിക്കുന്നതിനോ 1-866-347-2423 എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ നിങ്ങൾക്ക് അറിയാവുന്ന വിവരം ഇനിപ്പറയുന്ന സൈറ്റ് സന്ദർശിച്ച് സമർപ്പിക്കുക: www.ice.gov/tips.**

   കുറ്റകരമെന്ന് സംശയിക്കപ്പെടുന്ന പ്രവൃത്തി, ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻസിന്റെ (എച്ച്എസ്ഐ) ടിപ്‌ലൈനിലേക്ക് ദിവസത്തിൽ 24 മണിക്കൂറും, ആഴ്ചയിൽ 7 ദിവസവും, വർഷത്തിൽ എല്ലാ ദിവസവും വിളിച്ചുകൊണ്ട്, ലോകത്തിൽ എവിടെയുള്ള വ്യക്തികൾക്കും റിപ്പോർട്ട് ചെയ്യാവുന്നതാണ്. ലോകത്തിൽ എവിടെ നിന്നും ടിപ്‌ലൈനിന്റെ **802-872-6199** എന്ന നമ്പറിലേക്ക് വിളിക്കാവുന്നതാണ്. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട നിയമങ്ങൾ ഉൾപ്പെടെ, എച്ച്എസ്ഐ നടപ്പാക്കിയിട്ടുള്ള 400-ലധികം ചട്ടങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും, നിയമം നടപ്പാക്കുന്ന ഏജൻസികളിൽ നിന്നും ഉയർന്ന പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ധർ വിവരങ്ങൾ ശേഖരിക്കുന്നു.

   **ഇനിപ്പറയുന്ന കാര്യങ്ങൾക്കായി, നാഷണൽ ഹ്യൂമൻ ട്രാഫിക്കിംഗ് റിസോഴ്സ് സെന്ററിനെ (എൻഎച്ച്ടിആർസി) 1-888-373-7888 എന്ന നമ്പറിൽ വിളിക്കുക:**

   - നിങ്ങളുടെ പ്രദേശത്തെ ഒരു സേവന ദാതാവിന്റെ സഹായം ലഭിക്കുന്നതിനും, ബന്ധപ്പെടുന്നതിനും;
   - മനുഷ്യക്കടത്താകാൻ സാധ്യതയുള്ള പ്രവർത്തനത്തെ കുറിച്ചുള്ള വിവരം നൽകുന്നതിന്; അല്ലെങ്കിൽ
   - പരിശീലനമോ, സാങ്കേതിക സഹായമോ അഥവാ സാധനസാമഗ്രികളോ അഭ്യർത്ഥിക്കുക വഴി കൂടുതലറിയുന്നതിന്.

   രാജ്യത്ത് എവിടെനിന്നും 24 മണിക്കൂറും മറുപടി ലഭിക്കുന്ന ദേശീയ, ടോൾ-ഫ്രീ ഹോട്ട്‌ലൈനാണ് എൻഎച്ച്ടിആർസി, ഒരു സർക്കാരേതര സംഘടനയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്.

3. **നിങ്ങൾക്കും, നിങ്ങളുടെ സമൂഹത്തിനും അവബോധം പകരുക**. മനുഷ്യക്കടത്ത്, നിങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കേണ്ട മറ്റ് സൂചനകൾ എന്നിവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഞങ്ങളുടെ സൗജന്യവും, പരസ്പരം ആശയ വിനിമയം നടത്തുന്നതുമായ ഓൺലൈൻ പരിശീലനത്തിൽ പങ്കെടുക്കുക, കൂടാതെ പരിശീലനത്തിൽ പങ്കെടുക്കാൻ മറ്റുള്ളവരോടും ആവശ്യപ്പെടുക. സന്ദർശിക്കുക: *www.dhs.gov/bluecampaign*.

4. **ഇതിനെ കുറിച്ച് പ്രചരിപ്പിക്കുക!** ഞങ്ങൾ നൽകുന്ന ബ്ലൂ കാമ്പെയിൻ, ലഭ്യമായ മറ്റ് പ്രോഗ്രാമുകൾ എന്നിവയെ കുറിച്ചും അവ എങ്ങനെയാണെന്നതിനെ കുറിച്ചും സഹപ്രവർത്തകർ, കുടുംബാംഗങ്ങൾ, കൂടാതെ താൽപ്പര്യമുള്ള മറ്റുള്ളവർ എന്നിവരോട് പറയുക. ഇവ *www.dhs.gov/bluecampaign* എന്ന വിലാസത്തിൽ ലഭ്യമാണ്.
5. **ബ്ലൂ കാമ്പെയിൻ വെബ്സൈറ്റ് സന്ദർശിക്കുക**. കൂടുതൽ പരിശീലനത്തിനും സാധനസാമഗ്രികൾ, ഇരകളെ പിന്തുണയ്ക്കുന്നതിനുള്ള മെറ്റീരിയലുകൾ, മനുഷ്യക്കടത്ത് അവസാനിപ്പിക്കാനുള്ള പോരാട്ടത്തിൽ നിങ്ങൾക്ക് എങ്ങനെ ചേരാൻ കഴിയും എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ അറിയുന്നതിന് സന്ദർശിക്കുക: *www.dhs.gov/bluecampaign*. ഇനിപ്പറയുന്ന ലിങ്ക് സന്ദർശിച്ച് ഫേസ്ബുക്കിൽ ഞങ്ങളെ "ലൈക്കുചെയ്യുക": *www.facebook.com/bluecampaign*. അല്ലെങ്കിൽ ഇനിപ്പറയുന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക: *BlueCampaign@hq.dhs.gov*.

**ഇരയാരാണെന്ന് മനസ്സിലാക്കൽ**
എൻജിഒ, വിശ്വാസാധിഷ്ഠിത ഗ്രൂപ്പ്



## നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

*ഇരകളെ തിരിച്ചറിയാം, മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന കേസുകൾ റിപ്പോർട്ടുചെയ്യാം*

BLUE CAMPAIGN
One Voice. One Mission. End Human Trafficking.™

# നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

*ഇരകളെ തിരിച്ചറിയാം, മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന കേസുകൾ റിപ്പോർട്ടുചെയ്യാം*

## ഇരകൾ നിങ്ങളുടെ കൺമുന്നിൽ തന്നെ ഉണ്ടാകാം

അധ്യാപകർ, നഴ്സുമാർ, സാമൂഹിക പ്രവർത്തകർ, വിശ്വാസാധിഷ്ഠിത നേതാക്കൾ, സർക്കാരേതര സംഘടനകൾ (എൻജിഒകൾ) എന്നിവരൊക്കെയാണ് കമ്യൂണിറ്റികളിലെ അംഗങ്ങൾ, മനുഷ്യക്കടത്തിന്റെ ഇരകളെ കണ്ടെത്താനും, തിരിച്ചറിയാനും, സഹായിക്കാനും ഇവർക്ക് സാധ്യത കൂടുതലാണ്. മനുഷ്യക്കടത്തിന്റെ ലക്ഷണങ്ങളേയും, സൂചകങ്ങളേയും കുറിച്ച് നിങ്ങൾ മനസ്സിലാക്കണം. മനുഷ്യക്കടത്തിന്റെ ഇരകളെ തിരിച്ചറിയുകയും, കടത്തുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും ചെയ്യുന്നതിനുള്ള ആദ്യ പടിയാണിത്, ഇതുവഴി നിങ്ങളുടെ സമൂഹം കൂടുതൽ സുരക്ഷിതമാകും.

## മനുഷ്യക്കടത്തിന്റെ ഇരകൾ നമ്മുടെ സമൂഹത്തിലുമുണ്ട്

## അവർ ഏത് പ്രായത്തിലുള്ളവരും, വംശത്തിലുള്ളവരും, ലിംഗഭേദമുള്ളവരും, അമേരിക്കൻ പൗരന്മാർ അടക്കം, ഏത് രാഷ്ട്രത്തിൽനിന്നുള്ളവരും ആകാം

അവർക്ക് നിയമപരമായ ഇമിഗ്രേഷൻ സ്റ്റാറ്റസ് ഉണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം. ഇരകൾ, നിയമപരമായതോ അല്ലാത്തതോ ആയ തൊഴിലാളി വിഭാഗത്തിൽ പെട്ടവരായി കാണാറുണ്ട്; ചിലരാകട്ടെ, നല്ല വേതനം ലഭിക്കുന്ന ജോലി വാഗ്ദാനത്തിൽ പെട്ടോ പ്രണയ നാടകത്തിൽ വശീകരിക്കപ്പെട്ടോ ഇരകളായവരാണ്. ആരാധനാലയങ്ങൾ, സ്കൂളുകൾ, വീടുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, നിർമ്മാണ പ്രവർത്തനം നടക്കുന്ന ഇടങ്ങൾ, ഫാമുകൾ, ബസ് - ട്രെയിൻ സ്റ്റേഷനുകൾ, എയർപോർട്ടുകൾ, അടുത്തുള്ള പാർക്കുകൾ, ട്രക്ക് സ്റ്റോപ്പുകൾ, വണ്ടിത്താവളങ്ങൾ എന്നീ ഇടങ്ങളിലോ മസ്സാജ് പാർലറുകൾ, ബാറുകൾ, നഗ്നതാ പ്രദർശനം നടത്തുന്ന ക്ലബുകൾ എന്നിവിടങ്ങളിലോ ഇവരെ കണ്ടെത്താനാകും. പലപ്പോഴും ഇവരെ, ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ, വീട്ടുജോലി, ഫാം - ഫാക്ടറി തൊഴിൽ അല്ലെങ്കിൽ മറ്റുതരത്തിലുള്ള നിർബന്ധിത ജോലി അല്ലെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗികത (വേശ്യാവൃത്തി) എന്നീ ജോലികൾ ചെയ്യിക്കുന്നു. ഫെഡറൽ നിയമം അനുസരിച്ച്, വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗികവൃത്തി ചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്ന ഓരോ പ്രായപൂർത്തിയാകാത്ത വ്യക്തിയും മനുഷ്യക്കടത്തിന്റെ ഇരയാണ്.

## മനുഷ്യക്കടത്തുകാരുടെ പ്രവർത്തനരീതി

കുറവ് സാമൂഹിക സുരക്ഷാ വലയം ഉള്ളവരെയോ അല്ലെങ്കിൽ ഒട്ടും ഇല്ലാത്തവരെയോ ആണ് മനുഷ്യക്കടത്തുകാർ ഉന്നം വയ്ക്കുക. സാമ്പത്തിക കഷ്ടപ്പാട്, വീട്ടിൽ വഴക്ക്, പ്രകൃതി ദുരന്തങ്ങൾ അല്ലെങ്കിൽ രാഷ്ട്രീയമായ അസ്ഥിരാവസ്ഥ അടക്കമുള്ള പല കാരണങ്ങൾ കൊണ്ടും വശീകരിക്കപ്പെടാവുന്ന ആളുകളെയാണ് മനുഷ്യക്കടത്തുകാർ നോട്ടമിടുക. ആളുകളെ വലയിലാക്കാനും, അടിമകളാക്കാനും, ബലപ്രയോഗവും അക്രമഭീഷണിയും, മനശ്ശാസ്ത്രപരമായ ഭീഷണിയും അടക്കം, പലതരം തന്ത്രങ്ങൾ മനുഷ്യക്കടത്തുകാർ പയറ്റുന്നു. ഈ തന്ത്രങ്ങൾ ഇരയിൽ സൃഷ്ടിക്കുന്ന മാനസികാഘാതം വളരെ വലുതായിരിക്കും, അതിനാൽ തന്നെ മിക്കവരും തങ്ങൾ ഇരകളാണെന്ന് തിരിച്ചറിയില്ല, പൊതുജന മധ്യത്തിലാണെങ്കിൽ പോലും, സഹായം ചോദിക്കുകയുമില്ല.

ഇനിപ്പറയുന്നവയാണ് മനുഷ്യക്കടത്തുകാരുടെ പൊതുപ്രവർത്തനരീതികൾ:

- ദേഹോപദ്രവമേൽപ്പിക്കൽ അല്ലെങ്കിൽ വ്യക്തിയേയോ, വ്യക്തിയുടെ കുടുംബാംഗങ്ങളെയോ ഭീഷണിപ്പെടുത്തൽ;
- ഭക്ഷണം, വെള്ളം അല്ലെങ്കിൽ ഉറക്കം എന്നിവ പോലെയുള്ള അടിസ്ഥാന ആവശ്യകതകൾ തടസ്സപ്പെടുത്തൽ അല്ലെങ്കിൽ നിഷേധിക്കൽ;
- പ്രണയമാണെന്നോ, കൂടെക്കൂട്ടാമെന്നോ ഉള്ള വ്യാജ വാഗ്ദാനങ്ങൾ നൽകൽ;
- നല്ല ജോലിയോ, വീടോ തരപ്പെടുത്തിത്തരാമെന്നുള്ള വ്യാജ വാഗ്ദാനങ്ങൾ നൽകൽ;
- മതപരമായ ചടങ്ങുകളിൽ സംബന്ധിക്കുന്നതിൽ നിന്ന് വ്യക്തിയെ തടയൽ;
- സുഹൃത്തുക്കളോ, കുടുംബമോ ആയുള്ള ബന്ധം നിയന്ത്രിക്കൽ;
- ചലന സ്വാതന്ത്ര്യം പരിമിതപ്പെടുത്തൽ;
- വ്യക്തിയുടെ വ്യക്തിപരിചയ രേഖകൾ പിടിച്ചുവയ്ക്കൽ;
- നാടുകടത്തുമെന്നോ, നിയമ നടപടി ഉണ്ടാകുമെന്നോ ഭീഷണിപ്പെടുത്തൽ; ഒപ്പം/അല്ലെങ്കിൽ
- ആരോപിക്കപ്പെടുന്ന കടങ്ങൾ അടയ്ക്കുന്നതിന് വ്യക്തിയുടെ ശമ്പളത്തിൽ കൈവയ്ക്കൽ.

## മനുഷ്യക്കടത്തിന്റെ ലക്ഷണങ്ങൾ

ഇരകളെ കണ്ടെത്തുകയും, സൂചനകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നത് വഴി, ഇരകളെ രക്ഷപ്പെടുത്താൻ നിയമം നടപ്പാക്കുന്ന ഏജൻസികൾ ചെയ്യുന്ന ശ്രമങ്ങളെ നിങ്ങൾ സഹായിക്കുകയാണ്, ഒരു ജീവിതം രക്ഷപ്പെടുത്താൻ ഇതുവഴി നിങ്ങൾക്ക് കഴിഞ്ഞേക്കാം. വൈദ്യപരവും മാനസികാരോഗ്യപരവുമായ പരിപാലനം, അഭയം, തൊഴിൽ പരിശീലനം, നിയമപരമായ പിന്തുണ എന്നിവ പോലെ, ഇരകളുടെ സ്വാതന്ത്ര്യവും അന്തസ്സും വീണ്ടെടുക്കുന്ന സേവനങ്ങളുമായി അവരെ നിങ്ങൾക്ക് ബന്ധപ്പെടുത്താനാകും. നിങ്ങളുടെ സുരക്ഷയും ഒപ്പം ഇരയുടെ സുരക്ഷയും പരമപ്രധാനമാണ്. മനുഷ്യക്കടത്തുകാരനാണെന്ന് സംശയിക്കപ്പെടുന്ന വ്യക്തിയെ നേരിട്ട് എതിർക്കാനോ അഥവാ നിങ്ങളുടെ സംശയത്തെ കുറിച്ച് ഇരയ്ക്ക് മുന്നറിയിപ്പ് നൽകാനോ ശ്രമിക്കരുത്. സൂചകങ്ങളുടെ സാന്നിധ്യമോ, അസാന്നിധ്യമോ മനുഷ്യക്കടത്തിന്റെ തെളിവ് ആയിക്കൊള്ളണമെന്നില്ല. മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന കേസുകൾ അന്വേഷിക്കാനുള്ള ചുമതല നിയമം നടപ്പാക്കുന്ന ഏജൻസികൾക്കാണ്.

- കുടുംബം, സുഹൃത്തുക്കൾ, സാമൂഹിക സംഘടനകൾ അല്ലെങ്കിൽ ആരാധനാലയങ്ങൾ എന്നിവ വ്യക്തി ഒഴിവാക്കുന്നതായി തോന്നുന്നുണ്ടോ?
- കുട്ടി സ്കൂളിൽ വരാതായിട്ടുണ്ടോ?
- വ്യക്തിക്ക് പൊടുന്നതെയുള്ളതോ, നാടകീയമായതോ ആയ സ്വഭാവമാറ്റം ഉണ്ടായിട്ടുണ്ടോ?
- പ്രായപൂർത്തിയാകാത്ത വ്യക്തി വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോ?
- വ്യക്തിക്ക് ഏകാഗ്രത നഷ്ടപ്പെട്ടതായോ, ആശയക്കുഴപ്പം ഉള്ളതായോ തോന്നുന്നുണ്ടോ അഥവാ മാനസികവും ശാരീരികവുമായി ദുരുപയോഗിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുണ്ടോ?
- പല ഘട്ടങ്ങളിലുള്ള ഉണങ്ങാത്ത പരിക്കുകൾ വ്യക്തിയുടെ ശരീരത്തിലുണ്ടോ?
- ഭയമോ, ഭീരുത്വമോ, അമിതമായ വിധേയത്വമോ വ്യക്തി കാണിക്കുന്നുണ്ടോ?
- ഭക്ഷണം, വെള്ളം, ഉറക്കം അല്ലെങ്കിൽ വൈദ്യ പരിചരണം എന്നിവ നിഷേധിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ വ്യക്തി കാണിക്കുന്നുണ്ടോ?
- വ്യക്തിയോട് യോജിക്കാത്ത അഭിപ്രായമുള്ളവർക്ക് ഒപ്പമാണോ വ്യക്തിയെ ഇടക്കിടെ കാണുന്നത്? അല്ലെങ്കിൽ, ചുറ്റുപാടുകളുടെ നിയന്ത്രണം മറ്റാർക്കെങ്കിലും ആണെന്ന് തോന്നുന്നുണ്ടോ, ഉദാഹരണത്തിന് അവർ എവിടെ പോകുന്നു, അഥവാ ആരോട് സംസാരിക്കുന്നു എന്നിങ്ങനെ
- ആരെങ്കിലും പരിശീലിപ്പിച്ച പ്രകാരമാണ് വ്യക്തി സംസാരിക്കുന്നതെന്ന് തോന്നുന്നുണ്ടോ?
- ഉചിതമല്ലാത്ത സാഹചര്യത്തിലാണോ വ്യക്തി ജീവിക്കുന്നത്?
- വ്യക്തിക്ക് അവശ്യം വേണ്ട സാധനങ്ങളുടെ കുറവുണ്ടോ, സുസ്ഥിര ജീവിത സാഹചര്യം ഇല്ലാത്ത തരത്തിൽ വ്യക്തി കാണപ്പെടുന്നുണ്ടോ?
- വ്യക്തിക്ക് സഞ്ചാര/ചലന സ്വാതന്ത്ര്യം ഉണ്ടോ? വ്യക്തിക്ക് താമസിക്കുന്നിടത്ത് സ്വതന്ത്രമായി ജീവിക്കാനാകുന്നുണ്ടോ? ന്യായമല്ലാത്ത സുരക്ഷാ മുൻകരുതലുകൾ ഉണ്ടോ?

BLUE CAMPAIGN
One Voice. One Mission. End Human Trafficking.™